LITERATURE

# അഷിതയുടെ കഥകളിലെ സ്ത്രീ ആഖ്യാനം, ഒരു പഠനം

**ഷമീന ഷിറിൻ**
ഗവേഷക
മലബാർ ക്രിസ്ത്യൻ കോളേജ്
കോഴിക്കോട്

**സംഗ്രഹം**

കഥ പറയുക എന്നാണ് പൊതുവേ ആഖ്യാനം എന്ന പദം കൊണ്ട് വിവക്ഷിക്കുന്നത്. എങ്കിലും കഥപറച്ചിലിലൂടെ രൂപമെടുക്കുന്ന ഭാഷാരൂപത്തെയും ആഖ്യാനം എന്ന് സാമാന്യമായി പറയാം. ഇവിടെ അഷിതയുടെ കഥകളിലെ സ്ത്രീ ആഖ്യാനം എങ്ങിനെയെന്ന് വിശകലന വിധേയമാക്കുകയാണ് ചെയ്യുന്നത്. സ്ത്രീയുടെ സാമൂഹികമായ പദവികളല്ല, മറിച്ച് ആന്തരികമായ സ്വാതന്ത്ര്യത്തിൽ സഞ്ചരിക്കുന്ന അനേകം സ്ത്രീകളെ അഷിതയുടെ കഥകളിലെമ്പാടും കാണാം. അത്യന്തം സൂക്ഷ്മമായ ജീവിതതലങ്ങളെ അനാവരണം ചെയ്യുന്ന അഷിതയുടെ കഥാരചനകൾ സ്ത്രീത്വത്തിന്റെ വിവിധ തലങ്ങളെ വിവരിക്കുന്നു. അഷിതയുടെ സ്ത്രീ കഥാപാത്രങ്ങളുടെ ആഖ്യാനം എങ്ങനെയെന്ന് വിലയിരുത്തി ഏത് നിലയിലാണ് സ്ത്രീ ഇന്നും പ്രവർത്തിക്കുന്നതെന്ന് അന്വേഷിക്കുകയാണ് ഈ പ്രബന്ധത്തിലൂടെ.

**താക്കോൽവാക്കുകൾ:** ആഖ്യാനം, സ്ത്രീ, കുടുംബം, പ്രതിരോധം

## കഥകളിലെ സ്ത്രീ

കുടുംബത്തിൽ സ്വതന്ത്രമായ ഒരു നില ബോധപൂർവം സൃഷ്ടിച്ചെടുത്ത് അതിൽ നിഗൂഢമായി ആഹ്ലാദിക്കുകയും സ്വകാര്യതയിൽ അഭിരമിക്കുകയും ചെയ്യുന്ന പെണ്ണവസ്ഥകൾ അഷിതയുടെ കഥകളിൽ കാണുന്നുണ്ട്. സമൂഹം സൃഷ്ടിച്ച ചില വൃത്തസങ്കൽപ്പങ്ങളിൽനിന്ന് കുതറിമാറാൻ ശ്രമിക്കുന്ന സ്ത്രീമനസ്സുകളെ മിക്ക കഥകളിലും കാണാം. ലൈംഗികത പ്രത്യക്ഷമായി ആവിഷ്കരിക്കുന്നില്ലെങ്കിലും പരോക്ഷമായി ആവിഷ്കരിക്കുന്നുണ്ട്. 'കണ്ണാടികളിലെ

പ്രതിച്ഛായകൾ' എന്ന കഥയിൽ ഒറ്റപ്പെട്ട വീട്ടിൽ ഒരു അപരിചിതനോടൊത്ത് തനിച്ചാണെന്നുള്ള ബോധം നായികയിൽ ഒരായിരം കുഴഞ്ഞുമറിഞ്ഞ ചിന്തകൾ ഉണർത്തുന്നുണ്ട്. ഫ്ലാറ്റിലേക്ക് അപ്രതീക്ഷിതമായി കയറിവന്ന സുഹൃത്തിനെയും സുഹൃത്തിന്റെ കൂടെയുണ്ടായിരുന്ന അപരിചിതനെയും സൽക്കരിച്ച വൈകുന്നേരത്തിൽ പല നിമിഷത്തിലും അവളിൽ ഉണ്ടാകുന്ന വൈകാരികതൃഷ്ണകൾ കാണിക്കുന്നുണ്ട്. തന്റെ നേരെയുള്ള തൃഷ്ണകളെ ഒരേസമയം ഭയക്കുകയും എന്നാൽ ആഗ്രഹിക്കുകയും ചെയ്യുന്ന സ്ത്രീയെ 'മുഖം തിരിച്ചിരിക്കുന്ന പാവകളി' ലും കാണാം. സദാചാരസങ്കൽപ്പങ്ങൾ തീർത്ത വലയത്തെ ഓർക്കുകയും എന്നാൽ തന്റെ കാമനകളെ തിരിച്ചറിയുകയും, രണ്ടിനുമിടയിൽ വലയുകയും ചെയ്ത കഥാപാത്രമാണിത്. സ്വന്തം മനസ്സിന്റെ നേർക്ക് നോക്കാൻ കഴിയാത്ത ഈ സാമൂഹ്യവ്യവസ്ഥിതിയെ ചിത്രീകരിക്കുന്ന കഥകളാണ് പലതും. എന്നാൽ അതിൽനിന്ന് മുക്തയാകാനുള്ള ശ്രമം വിഫലമാകുന്നു. അതിന്റെ നിസ്സഹായതയാണ് കഥകളിലൊക്കെ നിഴലിക്കുന്നത്. പല കഥകളും മനുഷ്യന്റെ ജൈവികചോദനകളും സദാചാരവ്യവസ്ഥയും തമ്മിലുള്ള കലഹമാണ്.

"എന്തു പറയാനാണ്! പറയേണ്ട കാലമൊക്കെ കഴിഞ്ഞില്ലേ. ഇനി കേൾക്കേണ്ട കാലമാണ്!" നിലവിലുള്ള അവസ്ഥയെ ന്യായീകരിക്കുന്ന മനോഭാവമാണ് ആഖ്യാതാവിന്റേത്. അത് എഴുത്തുകാരി തന്നെയാവാം. നിലവിലുള്ള അവസ്ഥയോട് താദാത്മ്യപ്പെടുകയാണ് ചെയ്യുന്നത്. പ്രേമത്തിന്റെയും വിവാഹത്തിന്റെയും വിഡ്ഢിത്തത്തെ പരിഹസിക്കുന്നുമുണ്ട്. ഭാരമേറിയ മനസ്സും തളംകെട്ടിയ നിശ്ശബ്ദതയും എവിടെയും കാണാം. ഇത്തരത്തിൽ വിവാഹത്തിന്റെ, കുടുംബത്തിന്റെ വ്യർത്ഥത പേറുന്ന ജീവിതങ്ങൾ അഷിതയുടെ കഥയുടെ വിഷയങ്ങളാണ്.

ആഗ്രഹങ്ങളെ തിരിച്ചറിയുകയും തനിക്ക് നേരെയുള്ള പ്രശ്നങ്ങളെ പ്രതിരോധിക്കുകയും അവസാനം അതേ സാമൂഹ്യവ്യവസ്ഥയിൽ തന്നെ തുടരുന്ന സ്ത്രീകൾ, അതിന് തന്റേതായ ന്യായങ്ങൾ കണ്ടെത്തുകയാണ്. നിലനിൽപ്പിനുള്ള ന്യായീകരണങ്ങൾ ആണത്. 'വാരാന്ത്യം' എന്ന കഥയിൽ നായിക തന്റെ കാമനകളെ അതിസൂക്ഷ്മമായി തിരിച്ചറിയുകയും എന്നാൽ പിന്നീട് അതിനെ അതേ കൗശലത്തോടെ കുഴിച്ചുമൂടുകയും ചെയ്യുന്നു.

ചതുരംഗം കളിയുടെ പശ്ചാത്തലത്തിൽ മനസ്സുകളുടെ ചതുരംഗക്കളി മനോഹരമായി ആവിഷ്കരിക്കുന്ന കഥയാണ് 'ചതുരംഗം' എന്ന കഥ. ഭർത്താവും കൂട്ടുകാരൻ രാജേന്ദ്രനും തമ്മിലുള്ള കളി വീക്ഷിച്ച് മാസികയുടെ താളുകൾ അലക്ഷ്യമായി മറിച്ചുകൊണ്ടിരിക്കുന്ന ഭാര്യയുടെ മനോവികാരങ്ങളിലൂടെയുള്ള സഞ്ചാരമാണ് ചതുരംഗം. ചതുരംഗകളത്തിന്റെ അതിരുകളിൽ മൂന്നു പേരുണ്ടെങ്കിലും എല്ലാ കളികളും നീക്കങ്ങളും നടക്കുന്നത് കളികളിലേർപ്പെട്ടിരിക്കുന്ന പുരുഷന്മാരായ രണ്ടു പ്രതിയോഗികളിലല്ല, അവളുടെ മനസ്സിലാണ്. രണ്ടു പുരുഷന്മാർ കരുക്കൾ വെട്ടുമ്പോൾ അവിടെ സ്ത്രീ എന്നും ഇര മാത്രമാണ്. വെറും കരുവോ ആണിന്റെ കരുനീക്കങ്ങളുടെ ഇരയോ അല്ലെന്ന് സ്വയം പ്രഖ്യാപിക്കാനുള്ള ഒരു വിഫലശ്രമമായിരുന്നു അവളുടേത്. ഭർത്താവിന്റെ സുഹൃത്തിനോട് തോന്നിയ ലൈംഗികതൃഷ്ണയെ അടക്കി ഒരു സാധാരണവീട്ടമ്മയിലേക്ക് മടങ്ങാൻ അവൾ സ്വയം നിർബന്ധിതയാകുന്നു. "അഭി ഉരുക്കുന്നത് എന്റെ പാവം മനസ്സിനെയാണെന്ന് എനിക്കറിയാം. അഭിക്കും അതോർക്കുമ്പോഴൊക്കെ എനിക്കും ബോധ്യമാവാറുണ്ട്, കെട്ടടങ്ങാത്ത കനലുകൾ നമ്മളെല്ലാവരും ഉള്ളിൽ കൊണ്ടു നടക്കുന്നുണ്ടെന്ന്". പക്ഷേ "അവനവനു മാത്രം അടിമയായിരിക്കുന്നതായിരിക്കാം നല്ലത് ചിലപ്പോഴെങ്കിലും..."


ISSN: 2582 - 2594

എന്ന സ്വയം ന്യായീകരണത്തിലൂടെ അഭിലാഷങ്ങൾ കെടുത്തുകയാണ് ചെയ്യുന്നത്.

അഷിതയുടെ കഥാപശ്ചാത്തലം നടക്കുന്നത് ഭൂരിഭാഗവും കുടുംബത്തിലാണ്. മധ്യവർഗ്ഗ കുടുംബത്തിന്റെ വീട്, അകത്തളങ്ങൾ എന്നിവയാകുന്ന സ്ഥലങ്ങൾ. നഗരവും നഗരത്തിലെ ഫ്ലാറ്റും കഥയിലെ സംഭവങ്ങൾക്ക് ആധാരമാകുന്ന സ്ഥലങ്ങളാകുന്നു. പലപ്പോഴും ഫ്ലാറ്റിലെ ഒറ്റമുറി മാത്രമായി കഥയുടെ സ്ഥലം മാറുന്നു. ചതുരംഗത്തിലും വാരാന്ത്യങ്ങളിലുമൊക്കെ ഈ ഒരൊറ്റ മുറി കഥയുടെ മുഴുവൻ പശ്ചാത്തലമായി വരുന്നത് നമുക്ക് കാണാം. വീടിന്റെയും കിടപ്പുമുറിയുടേയും അടഞ്ഞ പശ്ചാത്തലത്തിൽ ആഖ്യാനം ചെയ്യപ്പെട്ട കഥകളാണ് അഷിതയുടേത്.

പ്രാദേശികമായ ഏതെങ്കിലും ഭാഷയല്ല അഷിതയുടേത്. കേവലമായ ഭാഷ തന്നെയാണ്. മൗനത്തിന്റെ ഭാഷ അഷിതയുടെ കഥകളിൽ തളം കെട്ടി കിടക്കുന്നു. വാക്കുകളിൽ കിട്ടാത്ത സത്യത്തിന്റെ അംശം മൗനത്തിൽ നോക്കിക്കാണാനുള്ള ശ്രമമാണത്. ആകുലതയുടെ നിസ്സഹായതയുടെ ഭാഷയാണ് പലപ്പോഴും ചോദ്യങ്ങളായി സംശയങ്ങളായിത്തീരുന്നത്.

റോബിൻ ലകോഫ്, ഹഡ്സൺ, ജസ്പേഴ്സൺ തുടങ്ങിയ നിരവധി ചിന്തകർ ഭാഷയിലെ ലിംഗപദവിയെ പറ്റി ചർച്ച ചെയ്തിട്ടുണ്ട്. അഷിതയുടെ കഥകളിലെ ഭാഷാപരമായ സവിശേഷതകൾ പരിശോധിക്കുമ്പോൾ ലിംഗ പദവിയിലെ വ്യത്യാസം ഭാഷയിൽ തെളിഞ്ഞും മറഞ്ഞും കാണാം. ശബ്ദശാസ്ത്രം, പദാവലി, വ്യാകരണം, ആശയവിനിമയത്തിന് എടുക്കുന്ന വിഷയം, ആശയപ്രകാശനരീതി എന്നിങ്ങനെ പല തലങ്ങളിലാണ് ആൺ-പെൺ ഭാഷാവ്യത്യാസങ്ങൾ പൊതുവായി കാണുന്നത്. ഈ പ്രകാശനരീതികളിലോരോന്നിലും ആൺ-പെൺ ഭാഷകൾ തമ്മിൽ വലിയ വ്യത്യാസമുണ്ടെന്നിവർ സമർത്ഥിക്കുന്നു. സമൂഹത്തിൽ നിലനിൽക്കുന്ന ഈ വ്യത്യാസം സംസ്കാരത്തെയും സമൂഹത്തെയും പറ്റി സൂചനകൾ തരുന്നുണ്ട്. വ്യത്യസ്തങ്ങളായ താൽപര്യങ്ങളും റോളുകളും ഉറപ്പിച്ചെടുക്കാൻ വേണ്ടിയുള്ള അബോധമായ ശ്രമങ്ങളാണതൊക്കെയും.

സംസാരിക്കുന്നയാളുടെ സ്വത്വം, വികാരം മുതലായവയെല്ലാം ഉച്ചാരണരീതി, ശബ്ദവ്യത്യാസം, ഉറപ്പിക്കൽ എന്നിവയിലൂടെ കണ്ടെടുക്കാം. "എനിക്ക് ഇതാ മനസ്സിലാവാത്തത്. എന്താ കീർത്തിക്കീ ലാസ്റ്റ് മിനിട്ടിലൊരു ചാഞ്ചാട്ടം ഏ?". 'എന്നിട്ടോ' എന്ന കഥയിൽ സതീശൻ കാമുകിയുടെ മാറ്റത്തെ ചോദ്യം ചെയ്യുകയാണ് ഇവിടെ. അധികാരത്തിന്റെ ആജ്ഞയുടെ സ്വരമാണ് ഇവിടെ നിഴലിക്കുന്നത്. ഇവിടെ കാണുന്ന 'ഏ' ശൂന്യപദം അധീശത്വത്തിന്റെ, ജുഗുപ്സയുടെ ഒക്കെ ശബ്ദമാകുന്നു. സംസാരത്തിനിടയിൽ കടന്നുപോകുന്ന ശൂന്യവിശേഷണങ്ങൾ ഭാഷാഗതിയേയും കർതൃത്വപദവിയേയും നിർമ്മിക്കാറുണ്ട്. പ്രത്യേകിച്ച് ഒരു അർത്ഥവും ഉൽപാദിപ്പിക്കാത്ത പദങ്ങളാണ് ശൂന്യപദങ്ങൾ.

"ഒരു പുരുഷന്റെ സ്നേഹം പിടിച്ചുപറ്റാനും നിലനിർത്താനും വേണം ഒരു മിടുക്ക്... ഹും!" (വിവാഹം ഒരു സ്ത്രീയോട് ചെയ്യുന്നത്).

"എന്താ ഇത്, കൊച്ചുകുട്ടികളെപ്പോലെ? ഉറക്കു, ഉം..." (തതാഗത)

"തളർന്ന താണ ശബ്ദത്തിൽ അന്നമ്മ അനുസരണയോടെ പറഞ്ഞു: ഓ" (പൂർണവിരാമങ്ങൾ).

കൃത്യതയില്ലാത്ത ഭാഷാ ഉപയോഗവും അഷിതയുടെ കഥകളിൽ കാണുന്നുണ്ട്.

"അപ്പോ എന്തേ കുട്ടി ബാലു നിങ്ങടെ ഒപ്പം വന്ന്ല്യ? കത്തും കാണാൻ ല്യല്ലോ? അവിടെ നിങ്ങൾ തമ്മിൽ..." (അമ്മ എന്നോട് പറഞ്ഞ നുണകൾ)

"എല്ലാം ഉണ്ടായി അമ്മേ, സ്നേഹം ഒഴിച്ച്..." (അമ്മ എന്നോട് പറഞ്ഞ നുണകൾ). ഇവ യെല്ലാം ആൺഭാഷയിലെ അധികാരത്തെയും പെൺഭാഷയിലെ അരക്ഷിതാവസ്ഥയെയും തുറന്നു കാട്ടുന്നു.

സംഭാഷണത്തിനിടയിൽ കൂടുതൽ മര്യാദ പുലർത്തുന്ന ഭാഷാശകലങ്ങൾ പൊതുവേ പെൺഭാഷയുടെ പ്രത്യേകതയായിട്ടാണ് അറിയപ്പെടുന്നത്. സാമാന്യമായി സംസാരത്തി നിടയിൽ ചെയ്യേണ്ട ഒന്നാണ് മര്യാദയെങ്കിലും അധികാരത്തെ ഒറപ്പിച്ചെടുക്കാൻ വേണ്ടി ആൺഭാഷയിൽ അത് കാണാറില്ല. ശൂന്യവിശേഷണങ്ങളുടെ ആധിക്യം, അനുബന്ധ ചോ ദ്യങ്ങളുടെ ബാഹുല്യം, സംസാരത്തിനിടയിൽ ഉറപ്പില്ലായ്മ, ഭാഷണത്തിൽ മര്യാദക്കൂടുതൽ തുടങ്ങിയ സ്ത്രീഭാഷണങ്ങൾ അവിടെ ആത്മവിശ്വാസം ഇല്ലായ്മയാണ് പ്രകടിപ്പിക്കുന്നത്. സംഭാഷണം ലിംഗപദവി ഒറപ്പിച്ചെടുക്കാൻ സഹായിക്കുന്നുണ്ട്. സംസാരിക്കുന്ന വിഷയം, സംസാരിക്കുന്ന രീതി ഇവിടെ പ്രധാനമാവുന്നു.

മാനസിക-ശാരീരിക-സാംസ്കാരിക ഘടകങ്ങൾ കൂടി ഭാഷയുടെ നിർമ്മിതിയെ സ്വാ ധീനിക്കുന്നുണ്ട്. സാമൂഹികാവസ്ഥയുടെ കർമ്മസ്ഥിതി, വ്യവസായവൽക്കരണത്തോടെ കു റയുകയല്ല, കൂടുകയാണ് ചെയ്തത്. പൊതുമണ്ഡലത്തിൽ നിന്നും ഗാർഹികമണ്ഡലത്തിലേക്ക് പെൺനിലകൾ പരിവർത്തിപ്പിച്ചതിൽ മുതലാളിത്ത താല്പര്യങ്ങൾക്ക് ചെറുതല്ലാത്ത പങ്കുണ്ട്. പരാശ്രയമാവശ്യപ്പെടുന്നതും ലളിതവും വൈകാരികവും ചിന്താശൂന്യവുമായ ഭാഷാരീതി പെൺ ഭാഷയുടേതാക്കി മാറ്റിയെടുക്കുന്നതിൽ പരസ്യങ്ങളും മാധ്യമങ്ങളും സാഹിത്യവും തുല്യ പങ്കു വഹിക്കുന്നു.

ശബ്ദം, അർത്ഥം, ധ്വനി, രീതി, ഗുണം അലങ്കാരം എന്നിങ്ങനെ പല ഘടകങ്ങൾ രചനയ്ക്ക് സൗന്ദര്യം നൽകുന്നു. കഥാകൃത്ത് ഉപയോഗിക്കുന്ന പലതരം പദങ്ങളും സംവിധാനരീതികളും ആകാംക്ഷയും വൈകാരികതയും ജനിപ്പിക്കുന്നതിന് വേണ്ടി ഉപയോഗിക്കുന്ന മറ്റുഘടകങ്ങ ളും ആഖ്യാനത്തെ സംബന്ധിച്ച പഠനത്തിൽ പ്രധാനമാണ്. ഇത്തരത്തിൽ അമൂർത്തമായ ആശയങ്ങൾ മൂർത്തമായ ധാരണകളാക്കി ബന്ധിപ്പിക്കാൻ സഹായിക്കുന്നവയാണ് രൂപക ങ്ങൾ. വായനക്കാർക്ക് ആശയങ്ങൾ കൂടുതൽ തെളിമയോടെ എത്തിക്കാൻ ബിംബങ്ങളും രൂപകങ്ങളും ഉപയോഗിക്കുന്നത് സഹായിക്കുന്നു. അഷിതയുടെ കഥകളിൽ ആവർത്തിച്ച് 'നുണ' എന്ന ബിംബം വരുന്നത് കാണാം. ജനാല, വെയിൽപ്പാളി തുടങ്ങിയ സിംബലുകളും വരുന്നു. ധ്വനിപ്രധാനമായ കഥകളാണ് അവരുടേത്.

അഷിതയുടെ കഥാപാത്രങ്ങൾ നിശ്ശബ്ദമായി ഏകാന്തത അനുഭവിക്കുന്നവരാണ്. നഗ രത്തിന്റെയും ബഹളത്തിന്റെയും ഇടയിൽ കിടക്കുമ്പോഴും അസ്വസ്ഥത നിഴലിക്കുന്ന കഥാ പാത്രങ്ങളാണിവരൊക്കെയും. കുടുംബിനി, ഭാര്യ, വിവാഹിത, പെൺകുട്ടി തുടങ്ങിയ സവി ശേഷപ്രതിനിധികളെയാണ് അഷിതയുടെ എല്ലാ കഥകളിലും കാണുക. ദാമ്പത്യത്തിൽ അകപ്പെട്ടുപോകുന്ന സ്ത്രീയുടേയും പുരുഷന്മാരുടേയും ജീവിതത്തെ അങ്ങേയറ്റം നിസ്സംഗമായി നോക്കിക്കാണുകയാണ് ഈ കഥാപാത്രങ്ങളിലൂടെ.

 ISSN: 2582 - 2594

**ഉപസംഹാരം**

കേവലമൊരു ആശയവിനിമയം എന്ന ധർമ്മത്തിലുപരി സാംസ്കാരികവ്യവസ്ഥയെ രൂപപ്പെടുത്തുന്ന ഒന്നാണ് ഭാഷ എന്ന് സൊസ്യൂർ പറയുന്നുണ്ട്. ഭാഷയിലെ ചിഹ്നങ്ങൾ സ്വയം അർഥം ഉണ്ടാക്കുകയും പലതരം താരതമ്യത്തിലൂടെ അർത്ഥം കൊണ്ടുവരികയും ചെയ്യുന്നു. ഇത്തരത്തിൽ എഴുത്തിനെയും രചനാപരമായ പ്രത്യേകതകളെയും വ്യാഖ്യാനിക്കുന്നതിനാണ് ആഖ്യാനശാസ്ത്രം ശ്രമിക്കുന്നത്. അതുകൊണ്ടു തന്നെ എഴുത്തും ആസ്വാദനവും സാമൂഹിക സാംസ്കാരിക പ്രാധാന്യമുള്ള പ്രവൃത്തിയായി മാറുന്നു.

അഷിതയുടെ കഥകളുടെ ആഖ്യാനപരമായ സവിശേഷതകൾ പരിശോധിക്കുന്നതിലൂടെ അതിൽനിന്ന് രൂപപ്പെട്ടുവരുന്ന സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ നിലയെ കണ്ടെത്തുകയാണ് ചെയ്യുന്നത്. അത്യന്തം സൂക്ഷ്മമായ സ്ത്രീജീവിതത്തെ അനാവരണം ചെയ്യുകയാണ് അഷിതയുടെ കഥകളോരോന്നും.

സാമൂഹികപദവിയും ലൈംഗികപദവിയും സ്ത്രീയുടേയും പുരുഷന്റെയും ഭാഷാപ്രയോഗങ്ങളെ വ്യത്യാസമാക്കുന്നു. ലിംഗപരമായ ഈ വ്യത്യാസങ്ങൾ അഷിതയുടെ കഥകളിൽ കാണാം. ഭാഷയുടെ എല്ലാ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടാണ് സ്ത്രീ എഴുതാൻ ശ്രമിക്കുന്നത്. അത് അവളുടെ ഇച്ഛകളേയും വികാരങ്ങളേയും ആവിഷ്കരിക്കാൻ മതിയാകാതെ അനുചിതമായി ത്തീരുന്നു. ദീർഘം കുറഞ്ഞ ധ്വനി പ്രധാനമായ കഥകളാണ് അഷിതയുടേത്. സ്ത്രീസ്വത്വമാവിഷ്കരിക്കാൻ ഭാഷ പര്യാപ്തമാവുന്നില്ല. അതുകൊണ്ടുതന്നെ ഭാഷ വളച്ചുകെട്ടുള്ളതും ധ്വനിയും ഭാവവും കൂടുതലുള്ളതുമായിത്തീരുന്നു. ആയതിനാൽ പദവിന്യാസം, ശൈലി, ബിംബം എന്നിവ ആധാരമാക്കി സ്ത്രീയുടെ മാത്രമായ ശൈലി അന്വേഷിക്കുന്നത് സഫലമാകണമെന്നില്ല. അതിൽ നിന്ന് മാറി സ്വന്തമായ ഭാഷ ആവിഷ്കരിക്കുന്നത് ആൺകോയ്മയിൽ നിന്ന് വിട്ടുപോവാനുള്ള ശ്രമമാണ്. എന്നാൽ അതിൽ നിന്ന് മാറാനുള്ള ബോധപൂർവമായ ശ്രമം അഷിതയുടെ ഭാഷയിൽ കാണാനില്ല. കഥകളിലുടനീളമുള്ള നിശബ്ദത ബന്ധങ്ങൾക്കിടയിലെ ഒറ്റപ്പെടലിനെയും നിസ്സഹായവസ്ഥയേയും അർഥമില്ലായ്മയേയും കാണിക്കുന്നു. ഒരു എഴുത്തുകാരിയുടെ ഭാവന അവരുടെ ജീവിതങ്ങളിൽ നിന്നും സന്ദർഭങ്ങളിൽ നിന്നും അടർത്തിമാറ്റി കാണാനാവില്ല. അവരുടെ പല രചനകളും അവരുടെ അനുഭവങ്ങളെന്ന നിലയിൽ പുറത്തുവരുന്നതാണ്.

വിവാഹത്തെയൊരു സ്ഥാപനമായി, അധികാരപ്രയോഗം നടത്തുന്നതിനനുവാദമുള്ള സമൂഹത്തിലെ ഏറ്റവും ചെറിയ ഏകകമായി വിലയിരുത്തുന്ന അഷിതയുടെ കഥകളിൽ വിവാഹത്തെക്കുറിക്കുന്നതിനുപയോഗിക്കുന്ന പദാവലികൾ, അധികാരം രാഷ്ട്രസങ്കല്പം എന്നിവയോട് പ്രത്യക്ഷത്തിൽ ബന്ധപ്പെട്ടവയാണ്. വിവാഹമെന്ന സ്ഥാപനത്തെ നിലനിർത്തുന്നതിനുപയോഗിക്കുന്ന ഭാവനാത്മകവും സ്വതന്ത്രസങ്കല്പത്തിലൂന്നിയതുമായ ഉപകരണമായാണ് അഷിതയുടെ കഥകളിൽ 'നുണ' എന്ന ബിംബം പ്രവർത്തിക്കുന്നത്. വിധേയത്വം, സദാചാരം എന്നീ ആശയാവലികളെ നിർമിക്കുന്ന സാമൂഹിക വ്യവഹാരങ്ങൾക്കുള്ളിലാണ് അഷിതയുടെ കഥകളിലെ സ്ത്രീകഥാപാത്രങ്ങൾ നിലകൊള്ളുന്നത്. അതുകൊണ്ട് തന്നെ അവർ ദാമ്പത്യത്തിനുള്ളിൽ നിന്ന് പുറത്തുകടക്കാൻ സ്വയം വിസമ്മതിക്കുന്നു. സ്വയം അനുസരിക്കുകയും വിധേയപ്പെടുകയും വഴി അവർ സാമൂഹിക വിലക്കുകളെ അനുസരിക്കുന്നു. സ്ത്രീയുടെ സാമൂഹിക പദവിക്ക് കാലഘട്ടമോ നവോത്ഥാന ആശയസംഹിതകളോ സമകാലിക സാമൂഹികമുന്നേറ്റ

ങ്ങളോ മാറ്റം വരുത്തിയിട്ടില്ലെന്ന് അഷിതയുടെ കഥകൾ തെളിയിക്കുന്നു. ഇതിനെതിരെയുള്ള പ്രതിരോധ ഉപകരണമായി നിശബ്ദതയെയാണ് അഷിത അവതരിപ്പിക്കുന്നത്.

## ആധാരസൂചി


അച്യുതൻ. എം. പ്രൊഫ, 1973, ചെറുകഥ ഇന്നലെ ഇന്ന്, സാഹിത്യപ്രവർത്തകസഹകരണസംഘം നാഷണൽ ബുക്സ്റ്റാൾ, കോട്ടയം.

അഷിത, 2015, അഷിതയുടെ കഥകൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്.

അഷിത, ശിഹാബുദ്ദീൻ പൊയ്ത്തുംകടവ്, 2019, അത് ഞാനായിരുന്നു, സംഭാഷണങ്ങൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്.

ജിതേഷ് ടി. ഡോ. (എഡി), 2016, കഥയുടെ കാഴ്ചവട്ടങ്ങൾ, ടേൺ ബുക്സ്, കോട്ടയം.

ബഷീർ എം. എം., 2008, മലയാള ചെറുകഥാ സാഹിത്യ ചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.

രാധാകൃഷ്ണൻ നായർ ഡി., 2000, ആഖ്യാന വിജ്ഞാനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

സോമനാഥൻ പി., 2016, കഥ ആഖ്യാനം ആഖ്യാനശാസ്ത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.


.


ISSN: 2582 - 2594